**'ഭരണഭാഷ – മാതൃഭാഷ'**

നം.എ2/2689/16/എസ്.സി.എൽ

സ്റ്റേറ്റ് ലൈബ്രേറിയന്റെ കാര്യാലയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം
തീയതി: 11/02/2019.

## വാഹന ലേല പരസ്യം

കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2006 മോഡൽ കെ.എൽ.01-എ.എം-1055 എന്ന ടാറ്റാ ഇൻഡിക്ക കാർ കേരള ഫിനാൻഷ്യൽ കോഡ് വാല്യം.1 ആർട്ടിക്കിൾ 156, 156എ എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി മാർച്ച് മാസം15-ാം തീയതി പകൽ 11.00 മണിക്ക് നിലവിലെ സ്ഥിതിയിലും അവസ്ഥയിലും ലേലം ചെയ്യുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. താത്പര്യമുള്ള വ്യക്തികൾ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതിനു മുൻപ് നിരതദ്രവ്യം 1500/- രൂപ കെട്ടിവയ്ക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കുന്നതിന് തലേദിവസം വൈകുന്നേരം 5.00 മണിവരെ ക്വട്ടേഷനുകൾ ഈ ഓഫീസിലെ എ2-സെക്ഷനിൽ സ്വീകരിക്കുന്നതാണ്. പ്രസ്തുത വാഹനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായി പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ക്വട്ടേഷനുകൾ തുറന്നു പരിശോധിച്ച് ലേല നടപടികൾ പൂർത്തിയായാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ഏത് ക്വട്ടേഷനിലാണോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. പി.ഡബ്ല്യു.ഡി നിശ്ചയിച്ച റിസർവ് വിലയേക്കാൾ താഴ്ന്ന നിരക്കിലാണ് ക്വട്ടേഷനുകൾ ലഭിച്ചതെങ്കിൽ ആ തുകക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതല്ല. ലേലത്തീയതിക്കു മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിക്കും വൈകിട്ട് 5.00 മണിക്കും ഇടയ്ക്ക് വാഹനം പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ നടപടികൾ നിർത്തിവയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം സ്റ്റേറ്റ് ലൈബ്രേറിയന് ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് (ലേല സമയത്തും, അതിനു ശേഷവും) സ്റ്റേറ്റ് ലൈബ്രേറിയൻ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

ലേലം കൈക്കൊള്ളുന്ന വ്യക്തി 30/03/19 നകം ബാക്കി തുക അടയ്ക്കേണ്ടതും വാഹനം സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും ഉടൻ നീക്കം ചെയ്യേണ്ടതും ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 30/03/19-നു ശേഷം വാഹനം നീക്കം ചെയ്യാത്ത പക്ഷം നീക്കം ചെയ്യാത്ത ഓരോ ദിവസവും 100/- രൂപ വീതം പിഴ ഈടാക്കുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് ലൈബ്രേറിയൻ

പകർപ്പ്

1)പി. ഡബ്ല്യു. ഡി മെക്കാനിക്കൽ സബ് ഡിവിഷൻ, തിരുവനന്തപുരം.
2)ഈ ഓഫീസിലെ നോട്ടീസ് ബോർഡ്
3)ലൈബ്രറി വെബ്സൈറ്റ്
4)റിജീയണൽ ട്രാൻസ്പോർട്ട് ഓഫീസർ, തിരുവനന്തപുരം.